# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 188 13.02.2013 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തന നഷ്ടം

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
" കെ. എൻ. എ. ഖാദർ :
" അബ്ദുറഹിമാൻ രണ്ടത്താണി :
" പി. ഉബൈദുള്ള :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ വരവിനത്തിലും ചെലവിനത്തിലും നിലനിൽക്കുന്ന വലിയ അന്തരം പരിഹരിക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | 1984 മുതൽ കെ.എസ്.ആർ.ടി.സി. യിലും സർക്കാർ ജീവനക്കാരുടേതിന് തുല്യമായി ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുകയും ടി നടപടി മൂലം റവന്യൂ വരുമാനത്തിൽ നിന്നും പെൻഷൻ നൽകേണ്ട സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തു. ആയതിലേക്ക് വേണ്ടത്ര പണം ലഭ്യമല്ലാത്തതിനാൽ, കെ.എസ്.ആർ.ടി.സി. യ്ക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വൻ തോതിൽ വായ്പ എടുക്കേണ്ടി വന്നു. തൻമൂലമുണ്ടായ വായ്പാ തിരിച്ചടവിലും പെൻഷനിനത്തിലും നൽകേണ്ടിവരുന്ന തുകയാണ് കെ.എസ്.ആർ.ടി.സി. യുടെ വരവും ചെലവും തമ്മിലുള്ള അന്തരത്തിന് പ്രധാന കാരണം ടി നഷ്ടം കുറച്ച് ലാഭത്തിലെത്തിക്കുന്നതിനും കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണത്തെ സംബന്ധിച്ച പഠനം നടത്തുന്നതിനുമായി വർമ്മ ആന്റ് വർമ്മ, ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തെ നിയോഗിക്കുകയും ടി |

| | | | |
|---|---|---|---|
| | | | സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് കെ.എസ്. ആർ.ടി.സി. യുടെ ഭരണ നിർവ്വഹണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ടി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാ നത്തിൽ കോർപ്പറേഷൻ നടപ്പിലാക്കേ ണ്ടുന്ന കാര്യങ്ങളായ ഷെഡ്യൂളുകളുടെ പുനക്രമീകരണം, വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾ പ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പി ക്കൽ എന്നിവയിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിക്കു കയും ചെലവിൽ കുറവ് വരികയും വരുമാന വർദ്ധനവുണ്ടാകുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഏറ്റവും ഒടുവിൽ നടത്തിയ ഭീമമായ ചാർജ്ജ് വർദ്ധനയ്ക്ക് ആനുപാതിക വരുമാനം പ്രതിദിനം ഉണ്ടാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുശേഷം പ്രതിദിനം വരുമാനത്തിലുണ്ടായ വർദ്ധന എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്.<br>പ്രതിദിന വരുമാനത്തിൽ 11.14%-ത്തിന്റെ വർദ്ധവ് മാത്രം ഉണ്ടായിട്ടുള്ളതിനാൽ ഭീമമായ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (സി) | നഷ്ടക്കണക്ക് പെരുപ്പിച്ചു കാട്ടുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കെ.എസ്.ആർ.ടി.സി. യുടെ നഷ്ടകണക്ക് പെരുപ്പിച്ച് കാട്ടാറില്ല. കെ.എസ്.ആർ.ടി.സി. യുടെ വാർഷിക |

| | | | |
|---|---|---|---|
| | | | വരവ്-ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലാണ് ഓഡിറ്റ് ചെയ്യുന്നത്. അതിനാൽതന്നെ നഷ്ടകണക്ക് പെരുപ്പിച്ച് കാട്ടാൻ കഴിയുകയുമില്ല. 2010-11 വരെയുള്ള വാർഷിക കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗിന് വിധേയമാക്കി പൂർത്തീകരിച്ചിട്ടുണ്ട്. 2011-12 -ലെ കണക്കുകൾ പൂർത്തിയാക്കി വരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിദഗ്ദ്ധരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ച് അതിൽ നിന്നും ലഭിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുജനങ്ങളോ, മറ്റ് വിദഗ്ദ്ധരോ സമർപ്പിച്ചാൽ ആയത് പ്രായോഗികമാണെന്നു കണ്ടാൽ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ